പത്രക്കുറിപ്പ്

# നായയെ വെട്ടിപ്പരിക്കേൽപ്പിച്ച സംഭവം: ഒരാൾ പിടിയിൽ

കോവിഡ്-19

## വിലക്ക് ലംഘനം: 143 പേർക്കെതിരെ നിയമനടപടി 48,000/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- വിഴിഞ്ഞത്ത് നായയെ വെട്ടിപ്പരിക്കേൽപ്പിച്ച സംഭവത്തിൽ ഒരാളെ പോലീസ് പിടികൂടിയതായി ഐ.ജി.പി.-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. കോട്ടുകാൽ പനനിന്നവിള വീട്ടിൽ ഷിബു (42)-നെയാണ് വിഴിഞ്ഞം പോലിസ് അറസ്റ്റ് ചെയ്തത്. കഴിഞ്ഞ 7 -ന് ഉച്ചക്കാണ് കേസിനാസ്പദമായ സംഭവം നടന്നത്. ചപ്പാത്ത് ഭാഗത്തെ വ്യാപാരികൾ പരിപാലിച്ച് വളർത്തിയിരുന്ന നായയെ ബൈക്കിലെത്തിയ പ്രതി വെട്ടുകത്തി കൊണ്ട് വെട്ടിപ്പരിക്കേൽപ്പിച്ച് കടന്നു കളയുകയായിരുന്നു. ഈ ക്രൂരമായ സംഭവത്തിന്റെ ദൃശ്യങ്ങൾ സാമൂഹ്യ മാധ്യമങ്ങൾ വഴി പ്രചരിക്കുകയും ചെയ്തിരുന്നു. തുടർന്ന് പീപ്പിൾ ഫോർ ആനിമൽസ് എന്ന സംഘടന നൽകിയ



വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്ത
ഷിബു(42)

പരാതിയുടെ അടിസ്ഥാനത്തിൽ വിഴിഞ്ഞം പോലീസ് കേസ് രജിസ്റ്റർ ചെയ്ത് നടത്തിയ അന്വേഷണത്തിലാണ് സംഭവത്തിനു ശേഷം ഒളിവിൽ പോയ പ്രതിയെ ഇന്നലെ അറസ്റ്റു ചെയ്തത്. വിഴിഞ്ഞം എസ്. എച്ച്.ഒ പ്രവീൺ, എസ്.ഐ സജി, എ.എസ്. ഐ ആനന്ദബോസ്, സി.പി.ഒ മാരായ അജികുമാർ, കൃഷ്ണകുമാർ എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതിയെ പിടികൂടിയത്.

## കോവിഡ് സുരക്ഷാ കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (16-01-2021) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 143 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 38 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 94 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 2 പേരിൽ നിന്നുമായി 48,000/- രൂപ പിഴ ഈടാക്കി. കൂടാതെ, കോവിഡ് സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 9 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി
16-01-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി